# കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ

## സമൂഹ ചർച്ച

## വിദ്യാലയതല


## ക്രോഡീകരണ കുറിപ്പ്

## GHSS SREEPURAM




GHSS
SREEPURAM
കേരള പാഠ്യപദ്ധതി
ചട്ടക്കൂടുകൾ
ജനകീയ ചർച്ച
NOVEMBER
8





# ഫോക്കസ് മേഖലകൾ

1. വിദ്യാഭ്യാസത്തിന്റെ ദർശനം
2. ശൈശവകാല പരിചരണവും വികാസവും
3. പാഠ്യപദ്ധതിയും ബോധന ശാസ്ത്രവും
4. സാമൂഹ്യ ശാസ്ത്ര വിദ്യാഭ്യാസം
5. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
6. ശാസ്ത്ര വിദ്യാഭ്യാസം
7. കലാവിദ്യാഭ്യാസം
8. ഗണിത വിദ്യാഭ്യാസവും ഗണനചിന്തയും
9. ഭാഷാ വിദ്യാഭ്യാസം
10. പരിസ്ഥിതി വിദ്യാഭ്യാസം
11. ആരോഗ്യ കായിക വിദ്യാഭ്യാസം
12. വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടികളുടെ സമഗ്ര പുരോഗതി രേഖയും
13. ഇന്ത്യയെക്കുറിച്ചുള്ള അറിവ്
14. മൂല്യ വിദ്യാഭ്യാസം
15. ഉൾച്ചേർന്ന വിദ്യാഭ്യാസം
16. ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം
17. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ
18. അധ്യാപക വിദ്യാഭ്യാസം
19. ഗൈഡൻസും കൗൺസലിംഗും വിദ്യാലയങ്ങളിൽ
20. സ്കൂൾ ഭരണവും നേതൃത്വവും
21. ഗുണമേന്മയുള്ള പഠന സാമഗ്രികളുടെ രൂപീകരണം
22. സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം
23. ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ
24. വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്
25. മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും
26. രക്ഷാകർതൃവിദ്യാഭ്യാസം

# ജനകീയ ചർച്ച



# ഫോക്കസ് മേഖലകൾ പരിചയപ്പെടുത്തുന്നു



# 1. വിദ്യാഭ്യാസത്തിന്റെ ദർശനം

അതാത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം.

- കുട്ടിയുടെ കഴിവ് ,മനോഭാവം,മൂല്യബോധം ഇവയെല്ലാം വിദ്യാഭ്യാസ ദർശനത്തെ സ്വാധീനിക്കണം.
- പഴയ അറിവുകൾ തിരുത്തപ്പെടുകയോ പൂർണമാക്കപ്പെടുകയോ ചെയ്യണം.
- കുട്ടിയുടെ ഉള്ളിൽ നിന്ന് വരുന്ന പ്രചോദനമാകണം അവനെ പഠനത്തിന് സഹായിക്കേണ്ടത്.
- സർഗാത്മകതയിൽ ഊന്നിയ വിദ്യാഭ്യാസമാകണം ഇനിയുള്ള തലമുറയെ വാർത്തെടുക്കേണ്ടത്.
- കുട്ടികൾ സ്വയം പരീക്ഷിച്ചറിഞ്ഞും അന്വേഷിച്ചറിഞ്ഞും പഠിക്കാനുള്ള സാഹചര്യമുണ്ടാകണം.
- അദ്ധ്യാപകർ ആന്തരിക ആഹ്ലാദത്തിലൂടെ അറിവിന്റെ തലങ്ങളിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുന്നവരാകണം.
- വിദ്യാർത്ഥികൾ ഏതു ബൗദ്ധിക മേഖലയിലാണെന്ന് കണ്ടെത്തി ആ മേഖലയിലേയ്ക്ക് വളരാനുള്ള സാഹചര്യം ഒരുക്കണം.
- സാങ്കേതിക വിദ്യയുടെ എല്ലാ നല്ല വശങ്ങളും പ്രയോജനപ്പെടുത്തിയാവണം നമ്മുടെ വിദ്യാഭ്യാസരീതി.
- സംഘപ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകണം. ഇങ്ങനെയൊരു പാഠ്യപദ്ധതിയാണ് ഞങ്ങൾ വിഭാവന ചെയ്യുന്നത്.

# 2 ശൈശവകാല പരിചരണവും വികാസവും

- സിലബസ് കുറയ്ക്കണം.
- കണ്ടും കേട്ടും നിരീക്ഷിച്ചും പ്രകൃതിയെ അറിഞ്ഞുമുള്ള പഠനങ്ങൾ ആയിരിക്കണം ഉണ്ടാവേണ്ടത്.
- ശൈശവകാലത്ത് കുട്ടികൾ ശീലമാക്കേണ്ട കാര്യങ്ങൾ പാഠപുസ്തകത്തിൽ ഉണ്ടായിരിക്കണം.
- കലാകായിക പഠനത്തിന് പ്രാധാന്യം കൊടുക്കണം.
- കളിക്കാനുള്ള അവസരം ഉണ്ടാവണം.
- പോഷകമൂല്യമുള്ള ഭക്ഷണം.

# 3. പാഠ്യപദ്ധതിയും ബോധന ശാസ്ത്രവും

- നൂതന സാങ്കേതിക വിദ്യാഭ്യാസം പ്രയോജനപ്പെടുത്തുക .
- സാമ്പ്രദായിക ബോധനരീതിയിൽ നിന്ന് മാറി പ്രക്രിയാധിഷ്ഠിത പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന രീതിയിലുള്ള വിദ്യാഭ്യാസമാകണം.
- അധ്യാപകർ പാഠാസൂത്രണം നടത്തുന്ന സമയം ഓരോ കുട്ടിയേയും പരിഗണിക്കണം.
- വിഷയാധിഷ്ഠിത അറിവുകൾക്കപ്പുറത്ത് പഠിതാവിന്റെ ക്രിയാത്മക  ശേഷിയും സർഗ്ഗഭാവനായും വളർത്തുന്ന രീതിലാവണം പാഠ്യപദ്ധതി  തയ്യാറാക്കേണ്ടത്.
- ഒരു കുട്ടി തന്റെ ജീവിതരീതിയും വാസസ്ഥലവും ഭൂമിശാസ്ത്രവുമൊക്കെ അറിയുന്ന രീതിയിലാവണം ഇത് തയ്യാറാക്കേണ്ടത്.
- സാമൂഹിക നീതിയും ഗുണതയും ലക്ഷ്യം വയ്ക്കുന്ന ഒന്നാകണം വിദ്യാഭ്യാസം.
- പ്രക്രിയയും ഉൽപ്പന്നവും ഒരു പോലെ വിലയിരുത്തുന്ന സാഹചര്യം ഉണ്ടാക്കുക.
- അധ്യാപക പരിശീലനങ്ങളും വിദ്യാഭ്യാസവും പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുക.

# 4 സാമൂഹ്യ ശാസ്ത്ര വിദ്യാഭ്യാസം



- സമൂഹത്തിലെ കുറ്റകൃത്യങ്ങൾ കുറയ്ക്കാനുള്ള മൂല്യങ്ങൾ പാട്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- സമൂഹത്തെക്കുറിച്ച ശാസ്ത്രീയമായി അറിയാൻ പര്യാപ്തമായ പാഠഭാഗങ്ങൾക്ക് പ്രാധാന്യം നൽകണം.
- യുദ്ധം ഒന്നിനും പരിഹാരമല്ല എന്ന ബോധ്യം ഉളവാക്കാൻ  പര്യാപ്തമായ പാഠഭാഗങ്ങൾക്ക് പ്രാധാന്യം നൽകണം.
- സാമൂഹ്യപരിഷ്കർത്താക്കൾ സമൂഹത്തെ സ്വാധീനിച്ചതെങ്ങനെയെന്നു പഠിക്കുന്നതിനോടൊപ്പം സമൂഹത്തിലെ അനാചാരങ്ങളെ തുരത്താൻ പര്യാപ്തമായ വിധത്തിലാവണം  വിദ്യാഭ്യാസം .
- പ്രാദേശികമായി അറിവ് ലഭിക്കുന്ന രീതിയിൽ പാഠങ്ങളിൽ മാറ്റം വരുത്തുക.

- പഴയകാല സംഭവങ്ങളെയും ആധുനിക കാലത്തെയും പറ്റി താരതമ്യ പഠനം നടത്തുക.
- കേരള ചരിത്രം, ഇന്ത്യാ ചരിത്രം എന്നിവ കുട്ടികളിൽ എത്തിക്കണം.
- മതേതരത്വം, ജനാധിപത്യം, തുടങ്ങിയ മൂല്യങ്ങളെ കുട്ടികളുടെ അനുദിനജീവിത സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്ന പഠനരീതി വികസിപ്പിക്കുക.

# 5 തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

- തൊഴിൽ പ്രാവീണ്യം കൂടി അഭിരുചിയനുസരിച്ച് നൽകാനുള്ള സാഹചര്യം ഉണ്ടാകണം.
- ഒഴിവുള്ള പറമ്പുകൾ കണ്ടെത്തി ഹ്രസ്വകാല വിളകൾ കൃഷിചെയ്യാനുള്ള സൗകര്യമൊരുക്കണം.
- യു പി തലം മുതൽ തൊഴിലധിഷ്ഠിധ വിദ്യാഭ്യാസം ആരംഭിക്കണം.
- LED ബൾബ്,സോപ്പ്,ചോക്ക്,കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കാനുള്ള പരിശീലനം ലഭ്യമാക്കണം.
- തൊഴിൽ പരിശീലനത്തിനായി വിദഗ്ധരുടെ സേവനം ഉറപ്പു വരുത്തണം .
- ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാനായി സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കണം.
- പണിശാലകൾ സന്ദർശിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കണം.

# 6 ശാസ്ത്ര വിദ്യാഭ്യാസം



- നേരത്തെ പഠിച്ച കാര്യങ്ങൾ ഒന്നുകൂടി ഉറപ്പിക്കണം.
- വിവരങ്ങൾ ശേഖരിക്കാനും അവ രേഖപ്പെടുത്താനും പഠിക്കണം.
- പഠന യാത്രയുമായി ബന്ധപ്പെട്ട് പാഠഭാഗത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കണ്ടു മനസ്സിലാക്കുവാനുള്ള അവസരം ഒരുക്കണം.
- പഠന ക്യാമ്പുകളിലൂടെയും മറ്റും നിരീക്ഷണ താൽപ്പര്യം വർധിപ്പിക്കാനുതകുന്ന രീതികൾ പാഠപുസ്തകത്തിന്റെ ഭാഗമാക്കുക.
- വീട്ടിൽ വച്ച്  ചെയ്യാവുന്ന പരീക്ഷണങ്ങൾ മുതിർന്നവരുടെ സഹായത്തോട് കൂടി  വീട്ടിൽ ചെയ്യാൻ പ്രാപ്തരാക്കുക.

- പല പരീക്ഷണങ്ങളും എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യാൻ ശ്രമിക്കുക.
- ശാസ്ത്രപ്രതിഭകളുടെ  ക്ലാസ്സുകൾ നൽകി കുട്ടികളുടെ പഠന രംഗത്ത് പ്രോത്സാഹനം നൽകുക.
- സ്വതന്ത്ര അന്വേഷണത്തിലേക്ക് എത്തിച്ചേരുന്നതിനാവശ്യമായ പരിചയവും ശേഷികളും ലഭിക്കത്തക്കവിധം ശാസ്ത്രപഠനത്തെ രൂപകൽപന ചെയ്യുക .
- ശാസ്ത്രമേഖലകളിൽ ഓരോ കാലഘട്ടത്തിലും നേടിയിട്ടുള്ള  മുന്നേറ്റങ്ങൾ  പഠനത്തിൽ ഉൾച്ചേർക്കണം .
- ശാസ്ത്രജ്ഞാനം വികസിപ്പിക്കാനും ശാസ്ത്രത്തിന്റെ രീതിശാസ്ത്രം പരിചയിക്കാനും അത് മുന്നോട്ടുവെക്കുന്ന മൂല്യബോധമുപയോഗിച്ച് മാനുഷികമായ എന്തിനെയും വിശകലനം ചെയ്യാനുമുള്ള അവസരം കുട്ടികൾക്ക് ഒരുക്കുന്ന വിധം ശാസ്ത്രപഠനത്തെ രൂപകൽപന ചെയ്യുക .

# 7 കലാവിദ്യാഭ്യാസം

- കുട്ടികളുടെ കലാപരമായ താൽപര്യം കണ്ടെത്തുക.
- സർഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയുംകൂടി ചെയ്യുമ്പോഴാണ് വിദ്യാലയം മികവന്റെ കേന്ദ്രമായിമാറുക.
- ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂൾ പ്രായം മുതൽ കളികൾക്കും വ്യായാമത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്.
- ഓരോ കുട്ടിയുടെയും കായിക ക്ഷമത വികസിപ്പിക്കുന്നതോടൊപ്പം ഈ മേഖലയിലെ പ്രതിഭകളെ കണ്ടെത്തേണ്ടതുണ്ട്.
- കലാ വിദ്യാഭ്യാസത്തിന് പ്രത്യേക അധ്യാപകർ ആവശ്യമാണ്.
- കുട്ടികളുടെ താല്പര്യത്തിന് അനുസരിച്ച് കലകൾ തിരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കണം.
- ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾപ്പെടുത്തുന്ന കലാ വിദ്യാഭ്യാസം വേണം.
- കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് ഹൈടെക് സാധ്യത പ്രയോജനപ്പെടുത്തുക.

# 8 ഗണിത വിദ്യാഭ്യാസവും ഗണനചിന്തയും

- ഗണിതപഠനം ഒരു കുട്ടിയുടെ നിത്യജീവിതത്തിൽ അനിവാര്യമായ ഒന്നാണ് എന്ന് തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഗണിതപഠനത്തിൽ ഉൾക്കൊള്ളണം .
- ക്ലാസ്സ്മുറികളിലെ ഗണിതപഠനം കുട്ടിയുടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി നടത്തുകയാണെങ്കിൽ , ഗണിതപഠനതിന്റെ ആവശ്യം കുട്ടിക്ക് ബോധ്യപ്പെടുത്തുന്നുവെങ്കിൽ ,ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായിത്തീരും.
- 'ഗണിത ഡയറി ' പോലുള്ള പ്രവർത്തനങ്ങൾ ഗണിതപഠനത്തിൽ ഉൾപ്പെടുത്താവുന്നതാണ് .
- ഗവേഷണാത്മക ഗണിതപഠനത്തിനുള്ള സാധ്യതകൾ ഗണിതപാഠപുസ്തകത്തിൽ തന്നെ ഉൾക്കൊള്ളിക്കണം .
- പ്രൈമറി ക്ലാസ്സുകളിലെ ഗണിതപഠനം രസകരവും ആശയങ്ങളെ ഊട്ടിയുറപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ ഉള്ളതായിരിക്കണം .
- ഗണിത ലാബ് എല്ലാ സ്കൂളുകളിലും ആരംഭിക്കണം.
- ഗണിതത്തെ മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തി പഠിക്കാൻ കഴിയണം.
- നിത്യ ജീവിതത്തിലെ കണക്കുകൂട്ടലുകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തണം.

# 9 ഭാഷാ വിദ്യാഭ്യാസം



- ഹിന്ദി ഉൾപ്പെടെയുള്ള ഭാഷപഠനം ഒന്നാം ക്ലാസിൽ തന്നെ ആരംഭിക്കണം.
- ഒന്നാം ക്ലാസ് മുതൽ ഹിന്ദി പാഠപുസ്തകം ഉൾപെടുത്തുക
- UP ക്ലാസ് മുതൽ എല്ലാ വിഷയത്തിലും ഗ്രാമർ നിർബന്ധം ആക്കുക .
- പരിക്ഷയക്ക് വരാൻ സാധ്യതയുള്ള പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുക .
- LP ,UP ക്ലാസ്സുകളിൽ ഇംഗ്ലീഷ് പാഠഭാഗങ്ങൾ ചെറിയ സ്റ്റോറി ഉൾപ്പെടുത്തുക .
- കേരളപാഠാവലി, അടിസ്ഥാനപാഠാവലി എന്നിങ്ങനെ രണ്ടു പുസ്തകങ്ങൾ ഒഴിവാക്കുക .

- മലയാളം II  കഥകൾ ഉൾപെടുത്തുക .
- ഇംഗ്ലീഷ് ഭാഷയും  നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇംഗ്ലീഷ് നിലവാരം ഉയർത്തുവാനായി ഹലോ ഇംഗ്ലീഷ് പോലുള്ള പ്രവർത്തനങ്ങൾ ചെയ്യുക .
- കുട്ടികൾ മലയാളം , ഹിന്ദി, ഇംഗ്ലീഷ് മാത്രം പഠിച്ചാൽ പോരാ തമ്മിൽ, കന്നഡ പോലുള്ള ഭാഷകൾ എഴുതുവാനും പഠിപ്പിക്കുക.
- സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക .
- ബോധന ഭാഷ മലയാളം ആയിരിക്കണം.
- ലാംഗ്വേജ് ലാബുകൾ ഉണ്ടാവണം .
- നിരന്തര വിലയിരുത്തൽ നടക്കണം.
- ആശയം ചെറിയ വാക്യങ്ങളിൽ ഉത്തരമായി എഴുതുന്ന സമ്പ്രദായം വരണം.
- സ്വഭാവത്തെ രൂപീകരിച്ച്, മനോബലം വളർത്തി, ബുദ്ധിശക്തിയെ വികസിപ്പിച്ച് മനുഷ്യനെ സ്വാശ്രയശീലനാക്കിത്തീർക്കുന്ന വിദ്യാഭ്യാസമാണ് നമുക്കാവശ്യം.
- ഭാഷാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യനെ നിർമ്മിക്കലാവണം.



# 10 പരിസ്ഥിതി വിദ്യാഭ്യാസം

- പരിസ്ഥിതി സൗഹാർദ്ദ വിദ്യാഭ്യാസത്തിനു ഊന്നൽ നൽകണം.
- പരിസ്ഥിതിയെ ബഹുമാനിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രാധാന്യത്തെ കുറിച്ച് എല്ലാ മനുഷ്യരെയും ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വിദ്യാഭ്യാസമാകണം .
- ജൈവമാലിന്യം പ്രയോജനപ്പെടുത്തൽ, പച്ചക്കറി തോട്ടം, ബയോഗ്യാസ് പ്ലാന്റ്, ഒരു കുട്ടി ഒരു മരം - പരിപാലനം, സ്കൂളിൽ ഒരു പച്ചക്കറി തോട്ടം, പൂന്തോട്ടം നിർമാണം ,മഴവെള്ള സംഭരണികൾ,മാലിന്യ സംസ്കരണം , സ്കൂളിൽപ്ലാസ്റ്റിക് റീസൈക്ലിങ്, ഇപ്പോളത്തെ കാലാവസ്ഥ മാറ്റം,  പ്രകൃതി ദുരന്തം ഇവയെ കുറിച്ചുള്ള അറിവ് എന്നീ അറിവുകൾ കുട്ടികളിൽ എത്തിക്കണം.
- മരം നടൽ, പ്രകൃതി സംരക്ഷണം ഒക്കെ ഓരോകുട്ടിയുടെയും ഉത്തരവാദിത്തമാണെന്ന ബോധം ഉളവാക്കണം.
- ലഹരിവിരുദ്ധ ബോധവത്കരണം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണം.
- കാലാവസ്ഥ വ്യതിയാനം മനസ്സിലാക്കാൻ എല്ലാ സ്‌കൂളുകളിലും വെതർ സ്റ്റേഷൻ സ്ഥാപിക്കുകയും അതിന്റെ ഉപയോഗക്രമം കുട്ടികളെ പഠിപ്പിക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും വേണം .

- പ്രകതിയുടെ സംതുലനാവസ്ഥയെ ബാധിക്കുന്ന പ്രവർത്തനങ്ങൾ തടയാനുള്ള ക്ലബുകൾ സ്കൂളുകളിൽ സ്ഥാപിക്കുകയും സ്കൂൾ ക്യാമ്പസിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ വേണ്ട ക്രമീകരണങ്ങൾ നടത്തണം.
- പ്രകൃതിക്ഷോഭങ്ങൾ, മലിനീകരണ പ്രശനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ കൂടുതൽ 5-12 ക്ലാസുകളിൽ കൂടുതലായി ഉൾപ്പെടുത്തുക.
- പരിസ്ഥിതിയെ ബാധിക്കാത്ത വ്യവസായിക-സാമ്പത്തിക ഉല്പാദന പ്രവർത്തനങ്ങൾ എങ്ങനെ നടത്തണം എന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കാൻ ചെയ്യാവുന്ന കാര്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

# 11 ആരോഗ്യ കായിക വിദ്യാഭ്യാസം

- യു പി തലത്തിലുള്ള പാഠപുസ്തകങ്ങളിൽ പ്രത്യുല്പാദന വ്യവസ്ഥയെ കുറിച്ചുള്ള പഠനം അനിവാര്യമാണ്. ഓരോ കാലഘട്ടത്തിലെ ശാരീരിക വ്യതിയാനങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കൽ.
- ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തണം.
- ഫാസ്റ്റ് ഫുഡ് ഒഴിവാക്കണം. സമീകൃത ആഹാരം കഴിക്കാൻ പ്രേരിപ്പിക്കൽ.
- പഴം കഞ്ഞി പോലുള്ളവയുടെ മഹത്വം മനസിലാക്കി കൊടുക്കൽ.
- വ്യായാമം അനിവാര്യം എന്ന ബോധം ഉണ്ടാക്കൽ.
- ഓരോ ദിവസവും ഏതെങ്കിലും കളികളോ യോഗയോ കളരിയോ മറ്റോ അഭ്യസിക്കുന്നതിന്റെ പ്രാധാന്യം.
- ഇഷ്ടമുള്ള ഗെയിംസ് തിരഞ്ഞെടുത്ത് അവയിൽ പ്രവീണ്യം നേടാനുള്ള അവസരം പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നൽകൽ.
- കലാ കായിക വിദ്യാഭ്യാസം വിദ്യാലയങ്ങളിൽ ശക്തിപ്പെടുത്തുകയും സംവിധാനങ്ങൾ ഒരുക്കുകയും വേണം.

# 12 വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്ക്കരണവും കുട്ടികളുടെ സമഗ്ര പുരോഗതി രേഖയും

- ഓരോ പഠിതാവിനേയും കൃത്യമായി മനസിലാക്കി അവരുടെ സമഗ്രമായ തനതു മികവിന്റെ ആകെത്തുകയാക്കണം വിലയിരുത്തൽ.
- കുട്ടികളുടെ സമഗ്ര പുരോഗതി രേഖപ്പെടുത്തി ഓരോ കുട്ടിക്കും അർഹമായ റാങ്ക് ഉൾച്ചേർക്കുന്നത് ഓരോ കുട്ടിക്കും അർഹമായ വിലയിരുത്തൽ രേഖ തയാറാക്കുന്നതിന് സഹായകമാകണം.
- നിലവിലെ ബോർഡ് പരീക്ഷകൾ പൂർണമായും കുട്ടികളുടെ പഠനമികവുകളെ വിലയിരുത്താൻ കഴിയുന്നതാണ് എന്ന് പറയാൻ കഴിയില്ല പഠിതാവിന് തന്നെ സ്വയം വിലയിരുത്താനുള്ള അവസരം നൽകണം.
- സമഗ്രവും നിരന്തരവുമായ വിലയിരുത്തലിന് നിശ്ചയിച്ച പ്രകാരമുള്ള പോർട്ട്ഫോളിയോ, അസൈൻമെന്റ്,സെമിനാർ ,പ്രക്രിയശേഷി, യൂണിറ്റ് വിലയിരുത്തൽ സംവിധാനങ്ങൾ ഫലപ്രദമായും മോണിറ്ററിംഗോഡുകളോടിയും ചെയ്യുന്നത് കുട്ടികൾക്ക ആവശ്യമായ പഠനമികവ് നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിന് സഹായകരമാകും.
- പഠനം പോലെ തന്നെ അവരുടെ മറ്റു കഴിവിന്റെ പുരോഗതിയും വിലയിരുത്താൻ ഉള്ള സംവിധാനം.
- അറിവ് ഉപയോഗിക്കുന്നതിനുള്ള കഴിവുകൾ വിദ്യാർത്ഥി എങ്ങനെ നേടിയെന്ന് ഈ സംവിധാനം പരിശോധിക്കണം.
- പഠന ലക്ഷ്യങ്ങൾ എങ്ങനെ കൈവരിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകണം.
- അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മനസ്സിൽ ഒരു ക്വാണ്ടിറ്റേറ്റീവ് മാർക്കിനെക്കാൾ ഗുണപരമായ വിലയിരുത്തൽ നിലനിൽക്കണം.
- പുതിയമൂല്യനിർണ്ണയ സംവിധാനം വിദ്യാർത്ഥിയെ വിജയത്തിൽ കേന്ദ്രീകരിക്കണം.
- ക്ലാസ് മുറിയിൽ അസുഖകരമായ, സമ്മർദ്ദകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നവ ഒഴിവാക്കണം.

# 13 ഇന്ത്യയെക്കുറിച്ചുള്ള അറിവ്

- ഒരു വിദ്യാർത്ഥിയെ സ്വന്തം രാഷ്ട്രത്തെയും അതിന്റെ സംസ്കാരത്തെയും കണ്ടെത്താനുള്ള യാത്രയിലേക്കും തീർച്ചയായും നയിക്കണം.
- നാം എവിടെനിന്നു വരുന്നു എന്നു തിരിച്ചറിഞ്ഞാൽ മാത്രമേ നാം ഇപ്പോൾ എവിടെയാണെന്ന് കണ്ടെത്താനും എങ്ങനെ മുന്നോട്ട് പോകണമെന്ന് തീരുമാനിക്കാനും കഴിയൂ.
- ഭാരതത്തിന്റെ പാരമ്പര്യത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചുമുള്ള ഈ പഠനം ഭാരതത്തിന്റെ പൂർവകാല വൈഭവത്തിന്റെ സങ്കുചിതമോ വർഗീയവാദപരമോ ആയ പുനരാഖ്യാനമാകേണ്ടതില്ല. അതേസമയം പൗരാണിക ഭാരതത്തിന്റെ സമ്പന്നമായ ആത്മീയ ഭൗതിക ചരിത്രത്തെ യുവതലമുറകളിൽ നിന്ന് മറച്ചുവെക്കാനും പാടില്ല.
- "ഇന്ത്യയെക്കുറിച്ചുള്ള അറിവ്" നേടുന്നതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ പുരാതന ഇന്ത്യയിൽ നിന്ന് ഉള്ള അറിവും ആധുനിക ഇന്ത്യയിലേക്കുള്ള സംഭാവനകളും അതിന്റെ വിജയങ്ങളും വെല്ലുവിളികളും വിദ്യാഭ്യാസം ,ആരോഗ്യം, പരിസ്ഥിതി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഇന്ത്യയുടെ ഭാവി അഭിലാഷങ്ങളുടെ വ്യക്തമായ ബോധവും ഉൾപ്പെടുത്തണം.
- ഭാരതീയ വിജ്ഞാന സാങ്കേതങ്ങളിൽ ഗോത്ര വിജ്ഞാനം പോലെയുള്ള തദ്ദേശീയവും പാരമ്പരാഗതവുമായ പഠന രീതികൾ ഗണിതശാസ്ത്രം,ജ്യോതിശാസ്ത്രം, തത്വചിന്ത യോഗ കെട്ടിട രൂപകൽപ്പന വിദ്യ,വൈദ്യശാസ്ത്രം, കൃഷി, എഞ്ചിനീയറിംഗ്, ഭാഷാശാസ്ത്രം, സാഹിത്യം, കായികം, വിനോദങ്ങൾ എന്നിവയിൽ ഉൾപ്പെടുത്തണം. ഭരണം, രാഷ്ട്രീയം,സംരക്ഷണം എന്നിവയിലെന്നപോലെ ആദിവാസി വിഭാഗത്തിന്റെ പാരമ്പര്യ വൈദ്യശാസ്ത്രം, വനപാലനം പരമ്പരാഗത കൃഷി, പ്രകൃതി ജീവനകൃഷി തുടങ്ങിയവ പ്രത്യേക കോഴ്സുകളായും പഠിപ്പിക്കണം.
- പുരാതനവും ആധുനികവും ശാസ്ത്രത്തിലും അതിനപ്പുറത്തുമുള്ള പ്രചോദനാത്മകവുമായ മഹാന്മാരെക്കുറിച്ചുമുള്ള വീഡിയോ, ഡോക്യുമെന്ററികൾ സ്കൂൾ പാഠ്യപദ്ധതിയിലുടനീളം ഉചിതമായ ഘട്ടങ്ങളിൽ പ്രദർശിപ്പിക്കണം. സാംസ്കാരിക വിനിമം പരിപാടികളുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം.

# 14 മൂല്യ വിദ്യാഭ്യാസം

- മാറിവരുന്ന ജീവിത സാഹചര്യങ്ങളും വാർദ്ധിച്ച വരുന്ന മാനസിക വെല്ലുവിളികളിലൂടെയുമാണ് ഇന്നത്തെ നമ്മുടെ ജീവിതം കടന്നു പോകുന്നത് .നമ്മളിൽ ഏറിയ പങ്കും പൊതുചർച്ചകളിലും ,അഭിപ്രായ സംഭാഷണങ്ങളിലും വിദ്യാഭ്യാസരംഗത്തെ മൂല്യച്യുതിയെ കുറിച്ച പറയുമെങ്കിലും വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ സ്വന്തം കുട്ടികൾ എഴുത്തു പരീക്ഷകളിൽ ഉന്നത മാർക്ക് വാങ്ങണം എന്ന് മാത്രം ആഗ്രഹിക്കുന്നു .
- കുട്ടികൾ എത്ര പഠിച്ചു എന്ന് നോക്കുന്ന ഈ കാലത്ത് എന്തെല്ലാം പഠിച്ചു എന്നുകൂടി ആലോചിച്ചാൽ നന്നെന്നു തോന്നുന്നു .
- ഇരുത്തി പഠിപ്പിക്കുന്ന കാലം മാറി ,ഇപ്പോൾ അവർ തനിയെ പഠിച്ചോളും എന്ന വിശാല ചിന്തയിൽ മാതാപിതാക്കളുടെ ഇത്തരം മുതിർന്ന ചിന്താഗതിയിലേയ്ക്ക് കുട്ടികളുടെ മാനസിക വളർച്ച വന്നെന്നു വരുകയില്ല അതുകൊണ്ട് തന്നെ അവരുടെ സ്കൂൾ വിദ്യാഭാസത്തോടൊപ്പം ചില മൂല്യങ്ങൾ കുടി പറഞ്ഞു കൊടുക്കേണ്ടതുണ്ട് എന്ന് നാം മനസിലാക്കണം .
- ഇന്നത്തെ പല പുത്തൻ വീടുകളിലും കുട്ടികൾ ചെറുപ്പത്തിൽ പഠിച്ചിരിക്കേണ്ട ക്ഷമ ,കരുണ ,ദയ,തെറ്റ് പറ്റിയാൽ മാപ്പുചോദിക്കാനുള്ള മനസ്സ് ,മുതിർന്നവരോടുള്ള ബഹുമാനം ,കടമകൾ ഉത്തരവാദിത്തബോധം എന്നീ നല്ല ഗുണങ്ങൾക്കു വലിയ പരിഗണന നൽകുന്നില്ല എന്നതാണ് സത്യം .
- വീടുകളിൽ ഉണ്ടാകുന്ന വഴക്കുകൾ ,അതിൽ മാതാപിതാക്കളുടെ പെരുമാറ്റ ശൈലി ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ എല്ലാം അവരുടെ കുട്ടികളിൽ ഉണ്ടാകുന്ന മാനസികമാറ്റങ്ങൾ വളരെ വലുതാണ് കുട്ടികളുടെ വിവേകമില്ലായ്മയായി, ധൈര്യവും തന്റേടവുമായി തെറ്റിദ്ധരിച്ച മറ്റുള്ളവരുടെ മുൻപിൽ വിളംബരം ചെയ്യുന്ന മാതാപിതാക്കളും ഇന്ന് വർധിച്ച വരുന്നു .'ഇന്നത്തെ കുട്ടികൾ നാളത്തെ ലോകം' എന്ന ചിന്തയോടെ കുട്ടികൾക്ക് പുസ്തകവിദ്യാഭ്യാസത്തിനോടൊപ്പം ജീവിത മൂല്യങ്ങളെ കുറിച്ചും പറഞ്ഞുകൊടുക്കേണ്ടത് അനിവാര്യമായി കരുതേണ്ടതാണ് .
- പഠനത്തിന്റെ അടിസ്ഥാന തത്വം മത്സര ബോധമല്ല മറിച്ച സഹവർത്തിത്വം ആണെന്നു മനസിലാക്കി കൊടുക്കേണ്ടത് ഇന്നത്തെ കാലത്തിന്റെ ആവശ്യമായി നാം മനസിലാക്കണം .
- സഹിഷ്ണുത ,സഹകരണം ,സഹവർത്തിത്വം എന്നി ഗുണങ്ങൾ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ സാധ്യമാക്കി എടുക്കാൻ കഴിയുന്നു.
- ലോകത്തെ തന്നെ മാറ്റിമറിക്കാൻ ശക്തിയുള്ള ആയുധമാണ് വിദ്യാഭ്യാസം അതുകൊണ്ട് ആ ആയുധം നാം ശരിയായ രീതിയിൽ കൈകാര്യം ചെയ്യേണ്ടത് സുരക്ഷിതമായ ഭാവിക്കു അനിവാര്യമാണ് .

# 15 ഉൾചേർന്ന വിദ്യാഭ്യാസം

- വ്യത്യസ്ത സ്വത്വമുള്ള ജനവിഭാഗങ്ങളുടെ സാമൂഹികപരമായ ഉയർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വെക്കുന്നത്.
- തുല്യതയുള്ള സമൂഹനിർമ്മിതിയും, വ്യക്തികളുടെ സ്വയം നിർണ്ണയാവകാശവും ഉറപ്പു വരുത്തുന്നതാവണം വിദ്യാഭ്യാസം.
- നീതി, ബഹുമാന്യത, പരസ്പരവിശ്വാസം എന്നിവ സ്വാഭാവികമായി രൂപ്പെടേണ്ട രീതിയിലുള്ള വിദ്യാഭ്യാസമാകണം .
- സമൂഹത്തിന്റെ ജനാധിപത്യവൽകരണം പൂർത്തിയാക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസമാകണം .
- പാഠ്യവിഷയങ്ങൾ പഠിക്കുക എന്നതിനെക്കാളുപരിയായി , സ്വഭാവത്തെ ചിട്ടപ്പെടുത്താനാണ് അവർക്ക് മുഖ്യമായും പരിശീലനവും സഹായവും വേണ്ടത്.
- സ്വന്തം സഹപാഠികളിൽ നിന്നുള്ള സ്നേഹവും സഹകരണവും ഇത്തരക്കാരിലെ പ്രശ്നങ്ങളെ കുറച്ചൊക്കെ ലഘൂകരിക്കുന്നുണ്ട്. ഇവർ സമൂഹത്തിൻറെ സ്വാഭാവിക ഭാഗമാണന്ന പൊതു ബോധം സൃഷ്ടിക്കുവാനും ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.
- രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികളും കാര്യക്ഷമമാവേണ്ടതുണ്ട്.
- ഇത്തരക്കാർക്ക് ലൈംഗിക വിദ്യാഭ്യാസം നൽകണം.
- രക്ഷിതാക്കൾക്ക് പരിശീലനം നൽകേണ്ടതുണ്ട്.

# 16 ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

- ലിംഗസമത്വം ,സ്ത്രീപുരുഷ-ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കും മറ്റ് ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കും തുല്യ പരിഗണന ഉറപ്പുവരുത്തുക .

- ലിംഗ ഭേദത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കാതിരിക്കുക എന്നിവയാണ ലിംഗസമത്വം കൊണ്ട് ഉദ്ദേശിക്കുന്നത്.
- ഒരു ലിംഗ വിഭാഗത്തിന്റെയും ശാരീരിക- മാനസിക പ്രത്യേകതകൾ അവരുടെ അവകാശങ്ങൾ നിഷേധിക്കാൻ കാരണമാകരുത് .
- വിവിധ ലിംഗ വിഭാഗങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ശാക്തീകരണമാണ് ലിംഗ സമത്വത്തിന്റെ ലക്ഷ്യം .
- ആരോഗ്യം, വിദ്യാഭ്യാസം,സ്വയം  തൊഴിൽ തുടങ്ങിയ സമസ്ത മേഖലകളിലും എല്ലാ ലിംഗവിഭാഗങ്ങൾക്കും തുല്യത ഉറപ്പുവരുത്തുക .

# 17. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ



- പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്ന പാഠ്യ പദ്ധതി ആയിരിക്കണം.
- പഠനസാമഗ്രികൾ ഗുണമേന്മയുള്ളതും ഹൈടെക് രീതിയിലുള്ളതും ആയിരിക്കണം
- സാങ്കേതിക വിദ്യയിൽ അധ്യാപകർ നേടിയെടുക്കേണ്ട കഴിവുകള് ആർജിച്ചെടുക്കുക.
- ദോഷങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ  ഉണ്ടാവണം. പാഠഭാഗങ്ങളിൽ അപ്ഡേഷൻഉണ്ടാവണം.
- ചിന്താശക്തി വർദ്ധിപ്പിക്കുന്ന പാഠഭാഗങ്ങൾ ഉണ്ടാവണം. .

# 18. അധ്യാപക വിദ്യാഭ്യാസം

- വർഷങ്ങൾക്ക് മുൻപ് നേടിയെടുത്ത യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, അദ്ധ്യാപകർ സേവനം ചെയ്യേണ്ടത്.

- മാറുന്ന സാഹചര്യങ്ങൾ സാമൂഹികാന്തരീക്ഷങ്ങൾ,സാങ്കേതിക മാറ്റങ്ങൾ ഇവയ്ക്കെല്ലാം സമാന്തരമായി തൊഴിൽ ചെയ്യാൻ പ്രാപ്തരായവരായിരിക്കണം അദ്ധ്യാപകർ.
- സാങ്കേതിക വിദ്യയിൽ അധ്യാപകർ നേടിയെടുക്കേണ്ട കഴിവുകൾ ആർജിച്ചെടിക്കുക. അധ്യാപനത്തിന് തിരഞ്ഞെടുക്കുമ്പോൾ ഈ കഴിവിനെയാണ് ( Performance and Attitude) നോക്കേണ്ടത് മറിച്ച് സർട്ടിഫിക്കറ്റുകളുടെ ഭാരത്തിനല്ല. മാറുന്ന സമൂഹത്തിനും കാഴ്ച്ചപ്പാടിനും അനുസരിച്ചായിരിക്കണം അധ്യാപനം.
- ഒരു അധ്യാപകൻ ഒരു നല്ല കൗൺസിലർ കൂടിയായിരിക്കണം.
- ഒരു കുട്ടിയെ പൂർണ്ണമായി മനസ്സിലാക്കാൻ അധ്യാപകന് കഴിയണം.
- അവന്റെ മനസ്സിനോട് ചേർന്ന് നിൽക്കുന്നവരായിരിക്കണം അധ്യാപകർ.
- അവരെ മനസ്സിലാക്കാനും അംഗീകരിക്കാനും കഴിയണമെങ്കിൽ കുട്ടിയുടെ മനഃശാസ്ത്രം അധ്യാപകർ മനസ്സിലാക്കണം.
- അധ്യപകന്റെ അറിവ് അതിവിശാലമാണെങ്കിൽ മാത്രമേ ഇവിടെ വിജയം കൈവരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അധ്യാപകൻ എന്നും ഒരു വിദ്യാർത്ഥിയാവണം.
- ലോകവിവരമുള്ള ജീവിതത്തെക്കുറിച്ച് നല്ല കാഴ്ചപ്പാടുള്ള അധ്യാപകർ വേണം ഇനി നമ്മുടെ സമൂഹത്തിന്. ഇതിനെല്ലാം ഉതകുന്ന ഒരു പാഠ്യപദ്ധതിയാവണം ഇനി വരാൻ പോകുന്നത്.
- അധ്യാപകർക്കുള്ള മികച്ച കോഴ്സുകൾ ലഭ്യമാക്കിയാലേ വരും തലമുറയെ വാർത്തെടുക്കുവാൻ ഇവർ പ്രാപ്ത്തരായി വരുകയുള്ളൂ...

# 19. ഗൈഡൻസും കൗൺസലിംഗും വിദ്യാലയങ്ങളിൽ

- ഒരു സ്കൂൾ ഗൈഡൻസ് കൗൺസിലറുടെ സാന്നിധ്യം കുട്ടിയുടെ മാനസികവും വിദ്യാഭ്യാസപരവുമായ വികസനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനകരമാണ്.
- ഒരു കൗൺസിലർ കുട്ടിയുടെ കഴിവുകൾ, ശക്തികൾ, താൽപ്പര്യങ്ങൾ എന്നിവ ശരിയായ രീതിയിൽ നയിക്കാൻ സഹായിക്കുന്നു.
- മയക്കമരുന്ന്, മദ്യം, ലൈംഗികത മുതലായവയുമായി ബന്ധപ്പെട്ട സംശയാസ്പദമായ പെരുമാറ്റത്തിൽ വിദ്യാർത്ഥികൾക്ക് ഏർപ്പെട്ടാൽ ഒരു കൗൺസിലർ ശരിയായ രീതിയിൽ നയിക്കാൻ സഹായിക്കണം.
- എല്ലാ കുട്ടികളും സമർത്ഥന്മാരാണ്. എന്നാൽ എല്ലാ കുട്ടികളും എല്ലാ കാര്യങ്ങളിലും എല്ലാ വിഷയങ്ങളിലും ഒരേ പോലെ സമർത്ഥന്മാരാവില്ല. .ആദ്യമായി എല്ലാവരും ഇക്കാര്യം തിരിച്ചറിയണം. മനസ്സിലാക്കണം.

- പഠന വിഷയങ്ങളിൽ ചില കുട്ടികൾ ചില വിഷയങ്ങളിൽ മാത്രം പിന്നോക്കം വരുന്നതായി കാണാം. അതുകൊണ്ട് അത്തരം കുട്ടികൾ മണ്ടന്മാരാണെന്ന് വിളിച്ച് അധിക്ഷേപിക്കരുത്.
- അവർ മറ്റു പല വിഷയങ്ങളിലും സമർത്ഥന്മാരെന്ന് വിശേഷിപ്പിക്കപ്പെടുന്നവരേക്കാളും ബുദ്ധിശാലികളും, പ്രവർത്തന നിരതരും ആയിരിക്കും. അവരുടെ തലച്ചോറിലെ കോശങ്ങളിലെ ചില അപാകതകളും, അപര്യാപ്തതകളുമാണ് അതിനു കാരണം.
- കൗൺസിലർ അധ്യാപകരുമായും രക്ഷിതാക്കളുമായും സമ്പർക്കം പുലർത്തണം.
- കുട്ടികളുടെ വീടിന്റെ അന്തരീക്ഷം സുരക്ഷിതമാണോ എന്നും സ്കൂളിൽ നേരിടാനുള്ള ബുദ്ധിമുട്ടുകളോ വൈകാരിക ഭാരങ്ങളോ ഉണ്ടോയെന്നും കൗൺസിലർ അറിഞ്ഞിരിക്കണം.

# 20. സ്കൂൾ ഭരണവും നേതൃത്വവും

- ഏതൊരു സംവിധാനവും മികച്ച നിലവാരത്തിലേക്ക് എത്തിച്ചേരാൻ നേതൃത്വപരമായ പിന്തുണയും സമന്വയവും ആവശ്യമാണ്.
- സ്കൂൾ എന്നാൽ വിവിധ തട്ടിലുള്ള എല്ലാവരുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ആവശ്യമായ ഒരു സ്ഥാപനമാണ്.
- സ്ഥാപന മേധാവി,അദ്ധ്യാപകർ എന്നിവർക്കൊപ്പം വിദ്യാർഥികൾ,രക്ഷിതാക്കൾ,പൂർവ അദ്ധ്യാപക വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ വികസന സമിതികൾ എന്നിവയെക്കൂടി സ്കൂൾ ഭരണ സംവിധാനത്തിന്റെ നേതൃത്വപദവിലയിലേക്ക് ഉൾപെടുത്തുന്നത് സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായവ മികവ് കൈവരിക്കുന്നതിന് സഹായകരമാകും.
- ഏറ്റവും അനിവാര്യമായ ഘട്ടങ്ങളിൽ സമൂഹത്തിനു വിവിധ സേവനങ്ങൾ എത്തിച്ചു നല്കാൻ സ്കൂളിന് കഴിയും.
- സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും അക്കാദമികപരമായ കാര്യങ്ങളിൽ പിന്തുണ നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗുണപരമായ ഇടപെടലുകൾകൊണ്ട് സാധിക്കും.
- അദ്ധ്യാപകരിൽ സീനിയറായവർക്ക് പ്രൊമോഷനുമുമ്പായി ഹ്രസ്വകാല മാനേജ്മന്റ് കോഴ്സ്/ പ്രായോഗിക പരിശീലനം നൽകാനും അത്തരം പരിശീലനത്തിൽ പങ്കെടുത്തവർക്ക് മുൻഗണന നൽകുന്നതും സ്കൂളിലുകളെ മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ സാധിക്കും.
- ഓരോരുത്തരും അവരവർക്കു ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം കൃത്യമായി, സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സ്കൂൾ ഭരണ സംവിധാനം സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായിക്കും.

# 21. ഗുണമേന്മയുള്ള പഠന സാമഗ്രികളുടെ രൂപീകരണം

- കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത് .
- അതായത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം.
- കുട്ടിയുടെ അറിവ് ,കഴിവ് , മനോഭാവം , മൂല്യബോധം ഇവയെയെല്ലാം വിദ്യാഭ്യാസം സമഗ്രമായി സ്വാധീനിക്കുന്നു .
- വിദ്യാഭ്യാസത്തിൽ പഠനസാമഗ്രികൾ പ്രധാനമായും പങ്കുണ്ട് പഠനസാമഗ്രികൾ തിരഞ്ഞെടുക്കുമ്പോൾ പ്രധാനമായും ധാരാളം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട് .
- പഠനനേട്ടവുമായി ബന്ധപെട്ടതായിരിക്കണം .
- ലളിതവും ചിലവുകുറഞ്ഞതുമായിരിക്കണം .
- നൂതനമായിരിക്കണം.
- ഗണിതവുമായി ബന്ധപ്പെട്ട സാമഗ്രികൾ ത്രിമാനസ്വഭാവും ഉള്ളതായിരിക്കണം.
- പഠനസാമഗ്രികൾ ഗുണമേന്മയുള്ളതും ഹൈടെക് രീതിയിലുള്ളതും ആയിരിക്കണം .
- പഠനസാമഗ്രികൾ തിരഞ്ഞെടുക്കുമ്പോഴും അവ രൂപീകരിക്കുമ്പോഴും നാം എന്തുകാര്യമാണ് കുട്ടികളിലേക്ക് എത്തിക്കേണ്ടത് എന്നാൽ ആ കാര്യങ്ങൾ അവരിലേക്ക് എത്തുന്ന രീതിയിലുള്ള സാമഗ്രികളായിരിക്കണം നാം രൂപീകരിക്കരിക്കേണ്ടത് .

# 22. സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം

- കേരളത്തിലെ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാകണം .

- ഇന്ന്  കേരളം സാക്ഷരതയിൽ മുന്നിലാണെങ്കിലും ,ഇവിടത്തെ വിദ്യാഭ്യാസരീതികൾ കേരളം പിന്നോക്കം തന്നെയാണ് . വിദ്യാർത്ഥികൾ ഇവിടെ തന്നെ പഠിച്ച് ഇവിടെ തന്നെ ജോലിചെയ്യാൻ പ്രാപ്തരാകുന്ന ഒരുതരത്തിലാകണം പഠനപ്രവർത്തങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടത്.
- അതിനായിട്ടുള്ള അഴിച്ചുപണികൾ പാഠ്യപദ്ധതിയിൽ ഉണ്ടാവുന്നത് നന്നായിരിക്കും .
- സെക്കന്ററി പഠനം കഴിഞ്ഞ് ഉന്നതവിദ്യാഭ്യാസഘട്ടത്തിലെത്തുന്ന വിദ്യാർത്ഥികൾക്ക് പ്രതീക്ഷിക്കുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷികൾ സ്കൂൾ തലത്തിൽ നിന്നുതന്നെ ലഭിക്കുന്നുണ്ട്. അതിനുവേണ്ടിയിട്ടുള്ള ക്ലബ്ബുതല പ്രവർത്തങ്ങൾ സ്കൂൾ തലത്തിൽ നൽകുന്നുണ്ട് .അത് അവരെ ഉന്നത വിദ്യാഭ്യാസത്തിനും ആശയദൃഢതയ്ക്കും ,വിനിമയശേഷിക്കും സഹായിക്കുന്നു .

# 23. ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ

- സ്കൂൾ-പാർക്ക്.
- എല്ലാ അധ്യാപകരും വിദ്യാർത്ഥിയുടെ വിജയത്തെക്കുറിച്ച് അവലോകനം ചെയ്യണം.
- കുട്ടി സ്വന്തം ജിജ്ഞാസയാൽ പഠിക്കുന്നു .
- അവൻ തന്നെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു, ചോദ്യങ്ങൾ ചോദിക്കുന്നു, ദൈനംദിന ജീവിതത്തിൽ അവയ്ക്കുള്ള ഉത്തരം തേടുന്നു.
- ലൈബ്രറിയും ഉപയോഗിക്കുന്നു .
- ഹോംസ്കൂൾ .
- ഇന്റർനെറ്റ് സാധ്യത പ്രയോജനപ്പെടുത്തുന്നു.
- ഗ്രൂപ്പ് സ്റ്റഡി.

# 24. വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്

- സ്കൂൾ വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ സമൂഹത്തിനു നല്ല പങ്കുണ്ട് . ജനപ്രതിനിധികളെ കൂടുതൽ പങ്കാളികളാക്കുക .
- വിദ്യാലയങ്ങൾ  ലഹരി വിമുക്തമാക്കാൻ സമൂഹം ഇടപെടുക. കച്ചവടക്കാർ, ജനപ്രതിനിധികൾ, etc.
- രക്ഷകർതൃ സമിതികൾ കൂടുതൽ ശക്തമാക്കുക. സേവനം ലഭ്യമാക്കുന്നവരെ തിരഞ്ഞെടുക്കുക.

- പഞ്ചായത്തിൽ കൂടുതൽ പദ്ധതികൾ രൂപീകരിക്കുക.
- പഠനത്തിൽ പിന്നോക്കമുള്ള കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് കഴിവുകൾ വികസിപ്പിക്കുവാൻ പഞ്ചായത്ത് ക്ലബ്ബുകൾ രൂപീകരിക്കുക.
- വിദ്യാലയത്തിൽ എത്തുവാൻ സാധിക്കാത്ത ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സമൂഹത്തിലുള്ള വിദ്യാസമ്പന്നരായവരുടെ പങ്ക് ഉപയോഗപ്പെടുത്താം.

# 25. മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും

- കുട്ടികളുടെ വിദ്യാഭ്യാസത്തിൽ നിന്ന് വ്യത്യസ്തമാണ് മുതിർന്നവർക്കുള്ള വിദ്യാഭ്യാസം. പുതിയ രൂപത്തിൽ ഉള്ള അറിവുകൾ, കഴിവുകൾ, മനോഭാവങ്ങൾ,മൂല്യങ്ങൾ എന്നിവ നേടുന്നിതിനായി മുതിർന്നവർ ചിട്ടയായതും സുസ്ഥിരവുമായ സ്വയം വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്ന തരത്തിലുള്ള പരിശീലന പദ്ധതികൾ ആണ് ആസൂത്രണംചെയ്യേണ്ടത്.
- പ്രായപൂർത്തിയവർ പരമ്പരാഗത സ്കൂൾ വിദ്യാഭ്യാസത്തിന്റെ അപ്പുറം ആജീവനാന്ത പഠിതാവ് എന്ന നിലയിൽ ലായിരിക്കണം പഠനം.
- അടിസ്ഥാന സാക്ഷരത ഉൾക്കൊള്ളുന്ന തരത്തിലായിരിക്കണം പഠന രീതി.
- സമൂഹത്തിലെ ദരിദ്രരായ അല്ലെങ്കിൽ മറ്റ് കാരണങ്ങളാൽ വിദ്യാഭ്യാസത്തിനുള്ള പ്രവേശനം നഷ്ടപ്പെട്ടവർക്ക് സാമൂഹിക നീതിയും വിദ്യാഭ്യാസത്തിനുള്ള തുല്യ പ്രവേശനവും നേടുന്നതിനുള്ള അവസരം വീണ്ടും നൽകുക.
- തുടർ വിദ്യാഭ്യാസം മുതിർന്നവരെ അവരുടെ തെഴിൽ ആവ്യശ്യതകൾ നിറവേറ്റാനും തൊഴിൽ മേഖലയിലെ പുതിയ സംഭവ വികാസങ്ങളിൽ കാലികമായി ഇടപെടാനും പ്രാപ്തരാക്കാനും സാമൂഹിക മാറ്റത്തിനൊപ്പം നിലനിർത്താനും നല്ല സാമൂഹിക ക്രമം നിലനിർത്താനും പ്രാപ്തരാക്കുക എന്നതായിരിക്കണം തുടർ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം .

# 26. രക്ഷാകർത്തൃവിദ്യാഭ്യാസം

- PTA യോഗങ്ങളിൽ കൂടുതൽ മാതാപിതാക്കളെ പങ്കെടുപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ ചോദിച്ചറിയുകയും ചെയ്യാം .
- കുട്ടികളെയും മാതാപിതാക്കളെയും ഒരുമിച്ചിരുത്തിയുള്ള ചർച്ചകൾ സംഘടിപ്പിക്കണം .അഭിപ്രായങ്ങൾ തുറന്നു പറയാനുള്ള വേദിയാവണം അത് .
- ക്ലാസുകളിലെ പ്രവർത്തനങ്ങൾ അറിയാനുള്ള അവസരം രക്ഷിതാക്കൾക്കുണ്ടാകണം .
- കുട്ടികളുടെ സ്വഭാവസവിശേഷതകളെപ്പറ്റി തുറന്ന ചർച്ചകൾ ഉണ്ടാവണം .
- ഇതുമായി ബന്ധപ്പെട്ട പത്രവാർത്തകൾ,സിനിമകൾ,സമൂഹമാധ്യമങ്ങളിലെ  വാർത്തങ്ങൾ എന്നിവ ഉദാഹരണങ്ങളാക്കാം .
- മക്കളുടെ ആഗ്രഹങ്ങളെ തിരിച്ചറിയാൻ പ്രേരിപ്പിക്കുക .
- മക്കളുടെ ഇഷ്ടവിഷയം,പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് എന്നിവ വിലയിരുത്താം .
- കുട്ടികൾക്ക് അവരുടെ പ്രായത്തിന് ഉതകുന്ന രീതിയിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക .
- ആഗ്രഹങ്ങളെ വിലയിരുത്തുക .ആവശ്യമെന്ന് തോന്നുന്ന പക്ഷം നിറവേറ്റുക .
- കുടുംബ സാഹചര്യങ്ങൾ അറിയാനുള്ള അവസരം കുട്ടികളിൽ ഉണ്ടാക്കുക. കുടുംബവുമായി വൈകാരിക ബന്ധം നിലനിർത്തുക .
- പണത്തോടൊപ്പം കായികമേഖലയ്ക്ക് പ്രാധാന്യം കൊടുക്കുക .
- 1 മുതൽ 10 വരെയുള്ള കുട്ടികളെ നിർബന്ധമായും physical education പഠനത്തിന് കീഴിൽ കൊണ്ടുവരുക .
- സോഷ്യൽ മീഡിയയുടെ സ്വാധീനം കുറയ്ക്കാനുള്ള നടപടികൾ ചെയ്യുക .
- ഒഴിവുസമയങ്ങളിൽ ഒരു നിശ്ചിത സമയം ക്രമപ്പെടുത്തുക.

# നന്ദി

